**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് & ഗ്രാമവികസനം - മണർകാട് ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - ശ്രീമതി.വി.ജി.സോഫിമോൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നമ്പർ. 477 /2016/തസ്വഭവ. തിരുവനന്തപുരം, തീയതി, 06.02.2016

---

പരാമർശം:
1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.4.2014 ലെ നം.E5(SC19/13/ERK) 31921/2013 നമ്പർ കത്ത്
2. 27.06.2014 ലെ 5788/ഡി 3/2014/വിജ് നമ്പർ കത്ത്
3. ശ്രീമതി.വി.ജി.സോഫിമോൾ, ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്കെതിരെയുള്ള 5.9.2014-ലെ 49266/ഇആർബി3 / 2014/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
4. ശ്രീമതി.സോഫിമോൾ, ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സമർപ്പിച്ച 1.11.2014 ലെ പ്രതിവാദപത്രിക.
5. ഗ്രാമവികസന കമ്മീഷണറുടെ 29.6.2015-ലെ 8309/എസ്റ്റാ(എ) 3/ 14/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, 'ഓപ്പറേഷൻ സർവ്വീസ് റൈറ്റ്സ് ' എന്ന പേരിൽ സംസ്ഥാന വ്യാപകമായി നടത്തിയ സർപ്രൈസ് ചെക്കിന്റെ ഭാഗമായി, കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിൽ 09.02.2013-ൽ നടത്തിയ പരിശോധനയിൽ, 92 പെൻഷൻ അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ട് അയയ്ക്കുന്നതിൽ കാലതാമസം വരുത്തിയതു വഴി പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തുകയും, ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ഡയറക്ടർ., വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മണർകാട് ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരുന്ന ശ്രീമതി സോഫിമോൾക്കെതിരെ പരാമർശം (3)

ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം (3) പ്രകാരം ടിയാൾക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും അതിന്മേൽ ശ്രീമതി.സോഫിമോൾ [illegible] പരാമർശം (4) പ്രകാരം പ്രതിവാദപത്രിക സമർപ്പിക്കുകയുമുണ്ടായി. 17.10.2011-നാണ് ടിയാൾ മണർകാട് ഗ്രാമ പഞ്ചായത്തിൽ വി.ഇ.ഒ. ആയി ചാർജ്ജ് എടുത്തതെന്നും, 07.06.2012 മുതൽ ചാർജ്ജ് മെമ്മോയിൽ പറയുന്ന പോലെ 92 അപേക്ഷകൾ തനിക്ക് ലഭിച്ചിട്ടില്ലെന്നും, ലഭിച്ചത് 67 അപേക്ഷകൾ മാത്രമാണെന്നും, ചാർജ് ലിസ്റ്റിൽ പെൻഷൻ അപേക്ഷകൾ ഇല്ല എന്ന് കാണിച്ചാണ് ചാർജ്ജ് തന്നിട്ടുള്ളതെന്നും, മണർകാട്ട് നിന്ന് ചാർജ്ജ് വിട്ടപ്പോൾ പെൻഷന്റെ അർഹതയുള്ള എല്ലാ അപേക്ഷകളും നോക്കി കൊടുത്തിരുന്നുവെന്നും അർഹതയില്ലാത്ത പത്തോളം അപേക്ഷകൾ റിപ്പോർട്ട് എഴുതി മടക്കുന്നതിനു വേണ്ടി ചാർജ്ജ് ലിസ്റ്റിൽ ചേർത്ത് അടുത്ത വി.ഇ.ഒ.യ്ക്ക് കൈമാറിയിട്ടുള്ളതാണെന്നും 17 വാർഡുകളുള്ള മണർകാട് പഞ്ചായത്തിൽ ഒരു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മാത്രമാണുള്ളതെന്നും, പഞ്ചായത്ത് പ്ലാൻ ഇംപ്ലിമെന്റേഷൻ, ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ തുടങ്ങി വിവിധ ജോലികൾ തനിയെ ചെയ്യേണ്ടി വന്നതും, വില്ലേജ് ഓഫീസർക്ക് ഓഫീസ് സൌകര്യം ഇല്ലാതിരുന്നതും അപേക്ഷകൾ പരിശോധിക്കുന്നതിൽ അല്പം കാലതാമസം വരുത്തിയിട്ടുണ്ടെന്നും . ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് ഈ വീഴ്ച മാപ്പാക്കി ശിക്ഷണ നടപടികളിൽ നിന്ന് ഒഴിവാക്കിത്തരണമെന്നും ശ്രീമതി.സോഫിമോൾ തന്റെ പ്രതിവാദ പത്രികയിൽ അപേക്ഷിച്ചിട്ടുണ്ട്.

പ്രതിവാദപത്രികയിൻമേൽ പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. മണർകാട് ഗ്രാമപഞ്ചായത്തിലെ വാർദ്ധക്യകാല അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ 07.06.2012 മുതൽ ശ്രീമതി.സോഫിമോൾ മണർകാട് ഗ്രാമപഞ്ചായത്തിൽ നിന്നും ചാർജ്ജ് കൈമാറി പോകുന്ന 20.06.2013 വരെ 96 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എന്നാൽ പ്രതിവാദപത്രികയിൽ അവകാശപ്പെടുന്നതു പോലെ 07.06.2012 മുതൽ 20.06.2013 വരെ ടിയാൾക്ക് 96 അപേക്ഷകൾ അന്വേഷണത്തിനായി കൈമാറിയിട്ടുള്ളതായി കാണുന്നില്ലെന്നും ഈ 96

അപേക്ഷകളിൽ 48 എണ്ണം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ5 50/13 തീയതി 20.06.2013 പ്രകാരം 20.06.2013 തീയതി മുതൽ പുതുതായി ചാർജെടുത്ത വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.ബിഷ്ണുമായ സുധാകരനാണ് കൈമാറിയിട്ടുള്ളതെന്നും ആയതിനാൽ 07.06.2012-ന് ശേഷം ശ്രീമതി.സോഫിമോൾക്ക് 67 അപേക്ഷകളേ ലഭിച്ചിട്ടുള്ളൂ എന്ന വാദം അംഗീകരിക്കാവുന്നതാണെന്നും, മണർകാട് ഗ്രാമപഞ്ചായത്തിലെ ചാർജ് കൈമാറുമ്പോൾ ടിയാൾക്ക് ലഭിച്ച അപേക്ഷകളിൽ പെൻഷന് അർഹരായവരുടെ അപേക്ഷകളെല്ലാം അന്വേഷണം നടത്തി തീർപ്പ് നൽകിയിട്ടുള്ളതായി കാണുന്നുവെന്നും, 17.10.2011-ൽ ടിയാൾ ചാർജെടുക്കുമ്പോൾ ചാർജ്ജ് ലിസ്റ്റിൽ പെൻഷൻ അപേക്ഷകളൊന്നും ലഭിച്ചിരുന്നില്ല എന്ന് കാണുന്നുവെന്നും, മണർകാട് നിന്ന് 2013 മേയ് മാസത്തിൽ ചാർജ്ജ് വിടുമ്പോൾ പെൻഷന് അർഹതയുള്ള എല്ലാ അപേക്ഷകളും നോക്കി കൊടുത്തു എന്ന ടിയാളുടെ വാദം അംഗീകരിക്കാവുന്നതാണെന്നും എന്നാൽ ചാർജ്ജ് ലിസ്റ്റിൽ "Old age pension (Ineligible)" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ഈ അപേക്ഷയിൽ എത്ര എണ്ണമുണ്ടായിരുന്നു എന്നതിന് വ്യക്തതയില്ലെന്നും, ഗ്രാമപഞ്ചായത്തുകളിൽ 2 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയുള്ളപ്പോൾ 17 വാർഡുകളുള്ള മണർകാട് ഗ്രാമപഞ്ചായത്തിൽ ഒരു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തിക മാത്രമാണുള്ളതെന്നും, ഒരു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഒരു പഞ്ചായത്തിലെ ജോലി യഥാസമയം ചെയ്തു തീർക്കുവാൻ വളരെയധികം ബുദ്ധിമുട്ടേണ്ടി വരുന്നുവെന്നും, മണർകാട് ഗ്രാമപഞ്ചായത്തിൽ നേരിട്ടന്വേഷിച്ചതിൽ സ്ഥലപരിമിതി മൂലം വി.ഇ.ഒയ്ക്ക് ടി കാലയളവിൽ ആവശ്യമായ ഓഫീസ് സൗകര്യം ഉണ്ടായിരുന്നില്ലെന്ന് മനസ്സിലാക്കുന്നുവെന്നും , ആയതിനാൽ ജോലിയിൽ മനപ്പൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ല എന്ന ശ്രീമതി.വി.ജി.സോഫിമോളുടെ വാദം അംഗീകരിക്കാവുന്നതാണെന്നും, 17 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ ഒരു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മാത്രമേ ഉള്ളൂ എന്നതിനാലും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ വിവിധങ്ങളായ ജോലിഭാരം കണക്കിലെടുത്തു ശ്രീമതി.സോഫിമോൾ സമർപ്പിച്ച എതിർവാദ പത്രിക അനുഭാവ പൂർവ്വം പരിഗണിച്ച് ശ്രീമതി.വി.ജി.സോഫിമോൾ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ

അനന്തര നടപടികളിൽനിന്നും ഒഴിവാക്കാണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച പെൻഷൻ അപേക്ഷകർ പരിശോധിച്ച് റിപ്പോർട്ട് അയയ്ക്കുന്നതിൽ ശ്രീമതി.വി.ജി.സോഫിമോളുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച മനപ്പൂർവ്വമല്ല എന്ന കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ മണർകാട് ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി.വി.ജി.സോഫിമോൾക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയിലെ തുടർ നടപടികളിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**രത്നമ്മ . വി**
**ജോയിന്റ് സെക്രട്ടറി**

ശ്രീമതി.വി.ജി.സോഫിമോൾ, മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മണർകാട് ഗ്രാമപഞ്ചായത്ത് (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം
വിജിലൻസ് (ഡി) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒഎസ്) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ